## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4495 — 26.06.14 ൽ - മറുപടിക്ക്

# സുതാര്യവൽകൃത പോർട്ടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, അൻവർ സാദത്ത്<br>,, വി. പി. സജീന്ദ്രൻ<br>,, പാലോട് രവി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ പൊതുവിതരണ രംഗത്ത് സുതാര്യവൽകൃത പോർട്ടൽ നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. എഫ്.സി.ഐ.മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നുണ്ട്. അതോടൊപ്പം ഇതു സംബന്ധിച്ച ഓരോ വിവരവും ഒരു സുതാര്യവൽക്കൃത പോർട്ടൽ തയ്യാറാക്കി അതിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇത്തരത്തിൽ ഒരു സുതാര്യവൽകൃത പോർട്ടൽ നടപ്പാക്കുന്നതിലൂടെ പൊതുവിതരണ ശൃംഖല പൂർണ്ണമായും സുതാര്യമാവുന്നതാണ്. എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഒരു ഉപഭോക്താവ് റേഷൻകടയിൽ നിന്നും വാങ്ങുന്നത് വരെയുള്ള എല്ലാ വിവരങ്ങളും ഈ പോർട്ടലിൽ ലഭിക്കുന്നതാണ്. വിവരങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തുന്ന സംവിധാനത്തിൽ മാനുഷികയത്നം തീർത്തും ഒഴിവാക്കി ഒരു ഓട്ടോമേറ്റഡ് സംവിധാനത്തിലൂടെ റിയൽ ടൈം ആയി അപ്ഡേറ്റ് ചെയ്യുകയാണ്. ഇത്തരമൊരു പോർട്ടലിലൂടെ പൊതുവിതരണ സംവിധാനത്തിലെ എല്ലാ വിവരങ്ങളും ഉടൻ തന്നെ അപ്ഡേറ്റ് ആവുന്നതിനാൽ ഭരണതലത്തിൽ തീരുമാനങ്ങൾ അതിവേഗം എടുക്കുന്നതിന് സഹായകമാകും. |

| | | | |
|---|---|---|---|
| (സി) | ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) | സുതാര്യവൽകൃത പോർട്ടലിൽ നിന്നും ഒരു ഉപഭോക്താവിന് പൊതുവിതരണ ശൃംഖലയിലെ ഓരോ മേഖലയിലെയും വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാവുന്നതാണ്. പൊതുവിതരണ വകുപ്പിന്റെ ആഫീസുകൾ, ഗോഡൗണുകൾ, റേഷൻകടകൾ, ഉപഭോക്താക്കളുടെ വിവരങ്ങൾ, അതോടൊപ്പം എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അവയുടെ വിൽപ്പന വിവരങ്ങൾ, സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ, ഒരു നിശ്ചിത ദിനത്തിലെ വിൽപ്പന/സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ, ഒരു റേഷൻകടയിൽ ലഭ്യമായ സ്റ്റോക്ക്, ഏവ എത്ര അളവിൽ ഏതൊക്കെ ഉപഭോക്താക്കൾ വാങ്ങി എന്നത് സാബന്ധിച്ച വിവരങ്ങൾ എല്ലാം ലഭിക്കുന്നതാണ്. ഇതിലൂടെ കരിഞ്ചന്തയും, മറിച്ചു വിൽപ്പനയും പൂർണ്ണമായും തടയാൻ സാധിക്കുന്നതാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ഡി) | ഇത്തരത്തിൽ ഒരു സുതാര്യവൽകൃത പോർട്ടൽ എൻ.ഐ.സി (നാഷണൽ ഇൻഫർമാറ്റിക് സെന്റർ) യുടെ സഹായത്താൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഇ) | എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് ? | (ഇ) | കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം കമ്പ്യൂട്ടർവൽക്കരണത്തിനായി ലഭ്യമാകുന്ന തുകയിൽ 10 ലക്ഷം രൂപ പോർട്ടൽ നടപ്പാക്കുന്നതിന് വേണ്ടിയുള്ളതാണ്. |

സെക്ഷൻ ഓഫീസർ